"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- ശ്രീമതി.റെനി.ആർ.പിള്ളയ്ക്ക് കോട്ടയം ഫീൽഡ് ഡയറക്ടർ ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ (വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ) തസ്തികയിലേക്ക് നിയമനം നൽകിയ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി സാധൂകരിച്ച- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.135/2022/F&WLD തീയതി,തിരുവനന്തപുരം, 30-03-2022

---

പരാമർശം:- 1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 09.12.2021-തീയതിയിലെ ഡി2-624/2020 നമ്പർ നടപടി ക്രമം

2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 09.12.2021-തീയതിയിലെ ഡി2-624/2020 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ജൈവ വൈവിധ്യ ബോർഡിൽ അന്യത്ര സേവനത്തിൽ ആയിരുന്ന വനം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ) ശ്രീമതി.റെനി.ആർ.പിള്ള അന്യത്ര സേവന കാലാവധി പൂർത്തിയാക്കി 09.12.2021-ൽ വനം വകുപ്പ് ആസ്ഥാനത്ത് ജോയിൻ ചെയ്തതിനെ തുടർന്ന് കോട്ടയം ഫീൽഡ് ഡയറക്ടർ ഓഫീസിൽ നിലവിലുണ്ടായിരുന്ന ഡെപ്യൂട്ടി ഡയറക്ടർ (വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ) ഒഴിവിലേക്ക് പരാമർശം 1 പ്രകാരം സർക്കാർ സാധൂകരണത്തിന് വിധേയമായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിയമനം നൽകുകയുണ്ടായി. പ്രസ്തുത നടപടിക്ക് സാധൂകരണം നൽകുന്നതിനുള്ള ശിപാർശ പരാമർശം 2 കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന ജൈവ വൈവിധ്യ ബോർഡിൽ അന്യത്ര സേവനത്തിൽ ആയിരുന്ന വനം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ) ശ്രീമതി.റെനി.ആർ.പിള്ള അന്യത്ര സേവന കാലാവധി പൂർത്തിയാക്കി 09.12.2021-ൽ വനം വകുപ്പ് ആസ്ഥാനത്ത് ജോയിൻ ചെയ്തതിനെ തുടർന്ന് കോട്ടയം ഫീൽഡ് ഡയറക്ടർ ഓഫീസിൽ നിലവിലുണ്ടായിരുന്ന ഡെപ്യൂട്ടി ഡയറക്ടർ (വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ) ഒഴിവിലേക്ക് നിയമനം നൽകിയ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം 1 നടപടി സാധൂകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം

ശ്രീമതി.റെനി.ആർ.പിള്ള, ഡെപ്യൂട്ടി ഡയറക്ടർ (വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ), കോട്ടയം ഫീൽഡ് ഡയറക്ടർ ഓഫീസ് [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന]

സ.ഉ.(സാധാ) നം.135/2022/F&WLD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Noushad S**

**Date: 30-03-2022 11:22:40**

സെക്ഷൻ ഓഫീസർ